പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 334 | 10.12.2012 ൽ മറുപടിക്ക്

പോലീസ് കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | പോലീസ് കസ്റ്റഡിയിലെടുത്തവരെ വിട്ടയക്കാൻ പോലീസ് സ്റ്റേഷനിൽ രണ്ടു മുൻ മന്ത്രിമാർ സമരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ കൃത്യനിർവ്വഹണത്തിൽ തടസ്സം സൃഷ്ടിച്ചതിന് ഇവരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ ; ഏത് വകുപ്പിലാണ് കേസ്സെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. 1. മുൻ മന്ത്രി കെ. സുധാകരൻ എം.പി.ക്കതിരെ വളപട്ടണം പോലീസ് സ്റ്റേഷനിൽ Cr. No. 1318/2012 ൽ U/s. 143, 147, 283 r/w 149 IPC & 117 (e) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>2. പത്തനാപുരം പോലീസ് സ്റ്റേഷനു പുറത്ത് മുൻ മന്ത്രി ആർ. ബാലകൃഷ്ണ പിള്ള പ്രതിയെ വിട്ടുകിട്ടുന്നതിലേക്ക് സമരം നടത്തിയിരുന്നു. പോലീസിന്റെ കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്താത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | സമരത്തിന് ആധാരമായി കസ്റ്റഡിയിലെടുത്തവരുടെ പേരിൽ ചാർജ്ജ് ചെയ്തിട്ടുള്ള കുറ്റങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം വകുപ്പുകൾ ഉപയോഗിച്ചാണ് കേസെടുത്തിട്ടുള്ളത് ; വ്യക്തമാക്കുമോ ? | (സി) | 30.10.2012 ന് വളപട്ടണം പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. യുടെ മുറിയിൽ കടന്ന് എസ്.ഐ. യോട് അശ്ലീലഭാഷ ഉപയോഗിക്കുകയും കയ്യേറ്റം ചെയ്തു ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്ത കുറ്റത്തിന് വളപട്ടണം പോലീസ് സ്റ്റേഷൻ Cr. No. 1317/2012 U/s. 448, 294 IPC & 117 (e) of KP Act പ്രകാരം കേസെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ